# പതിമൂന്നാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

## ബുള്ളറ്റിൻ ഭാഗം – 2

## 2011, സെപ്റ്റംബർ 20

നമ്പർ : 70

**2011 സെപ്റ്റംബർ 26-ാം തീയതി സഭ മുമ്പാകെ പരിഗണനയ്ക്ക് വരുന്ന ബില്ലുകൾക്ക് ഭേദഗതി നോട്ടീസ് നൽകുന്നതിനുള്ള സമയ വിവരം**

2011 സെപ്റ്റംബർ 17-ാം തീയതിയിലെ 65 -ാം നമ്പർ ബുള്ളറ്റിൻ പ്രകാരം 2011 സെപ്റ്റംബർ 26-ാം തീയതി സഭ മുമ്പാകെ പരിഗണനയ്ക്ക് വരുമെന്ന് അറിയിച്ചിരുന്ന ബില്ലുകളിൽ 2011-ലെ കേരള നദീതീര സംരക്ഷണവും മണൽവാരൽ നിയന്ത്രണവും (ഭേദഗതി) ബില്ലിനു പകരം 2011 -ലെ കേരള സർക്കാർ ഭൂപതിവ് (ഭേദഗതി) ബിൽ ആയിരിക്കും പരിഗണിക്കുകയെന്നുള്ള വിവരം അറിയിക്കുന്നു.

ആയതിനാൽ, 2011 സെപ്റ്റംബർ 26-ാം തീയതി സഭ മുമ്പാകെ പരിഗണനയ്ക്ക് വരുന്ന 2011-ലെ കേരള തദ്ദേശഭരണ സ്ഥാപന വായ്പാ (ഭേദഗതി) ബിൽ, 2011-ലെ കേരള സർക്കാർ ഭൂപതിവ് (ഭേദഗതി) ബിൽ എന്നിവ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയത്തിനുള്ള ഭേദഗതി നോട്ടീസുകൾ നൽകുന്നതിനുള്ള അവസാന തീയതിയും സമയവും 2011 സെപ്റ്റംബർ 24 -ാം തീയതി രാവിലെ 11.00 മണി ആണെന്ന വിവരം അറിയിക്കുന്നു.

പ്രസ്തുത ഭേദഗതി നോട്ടീസുകളുടെ മുൻഗണനാക്രമം നിർണ്ണയിക്കുന്നതിനുള്ള നറുക്കെടുപ്പ് അന്നേ ദിവസം (24-09-2011) രാവിലെ 11.00 മണിക്ക് ഡെപ്യൂട്ടി സെക്രട്ടറി (ലെജിസ്ലേഷൻ) യുടെ മുറിയിൽ (റൂം നമ്പർ: 408) വച്ച് നടത്തുന്നതാണെന്ന വിവരം കൂടി അറിയിക്കുന്നു.

**പി. ഡി. രാജൻ,**
സെക്രട്ടറി.